# <u>ക്വട്ടേഷൻ</u>

RBDCK/ T 240/Vol.I/ 206/2022 തീയതി: 19.11.2022

എറണാകുളം ജില്ലയിൽ എയർപോർട്ട്-സീപോർട്ട് റോഡ് ഫേസ് II (എൻ.എ.ഡി മുതൽ മഹിളാലയം വരെ) നിർമ്മാണ സ്ഥലത്തുള്ള കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി അവയുടെ വിശദമായ വില നിർണയ റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താത്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 1. | ജോലി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി | : | 30 ദിവസം |
| 2. | ഫോറം ലഭ്യത | : | 19.11.2022 മുതൽ<br>28.11.2022 (3.00 PM) വരെ |
| 3. | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | : | 28.11.2022 (സമയം 4 PM മണി വരെ) |
| 4. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : | ആർ.ബി.ഡി.സി.കെ. ആഫീസ്,<br>പാലാരിവട്ടം, എറണാകുളം |
| 5. | ക്വട്ടേഷൻ തുറക്കൽ | : | 29.11.2022 (സമയം 11.00 AM മണി) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 0484 – 2338205, 2338206

Sd/-
**ജനറൽ മാനേജർ**
**ആർ.ബി.ഡി.സി.കെ**

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## നിബന്ധനകൾ

1. എയർപോർട്ട്–സീപോർട്ട് റോഡ് ഫേസ് II (എൻ.എ.ഡി മുതൽ മഹിളാലയം വരെ) നിർമ്മാണ സ്ഥലത്തുള്ള കെട്ടിടങ്ങളുടെ വിശദമായ വില നിർണയിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ ക്വട്ടേഷൻ. ക്വട്ടേഷൻ പ്രമാണം ആർ.ബി.ഡി.സി.കെ. ഓഫീസിൽ നിന്നും, ആർ.ബി.ഡി.സി.കെ. വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷൻ പ്രമാണം, ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി ഗവൺമെന്റ് അംഗീകരിച്ച പ്രമാണത്തിന്റെ കോപ്പിയോട് കൂടി മുദ്ര വെച്ച കവറിൽ നിർദിഷ്ട അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് "Quotation for preparation of detailed valuation report of structures in connection with construction of Airport-Seaport road phase II (NAD to Mahilalayam) and do not open before 29.11.2022 at 11.00 am" എന്നെഴുതേണ്ടതാണ്.

2. <u>നടപടി ക്രമം</u>

   ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

   വിജയിക്കുന്നയാൾ കെട്ടിടങ്ങളുടെ വിശദ വില നിർണ്ണയ റിപ്പോർട്ട് സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയില്ല എങ്കിൽ മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും അതിനാൽ ടി പ്രവൃത്തി എടുത്ത ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല.

3. കരാർ ഉറപ്പിച്ച് 30 ദിവസത്തിനകം, പൊളിച്ചു മാറ്റുന്നതിനായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾ, മതിലുകൾ തുടങ്ങിയവ പൂർണ്ണമായോ പരിശോധിച്ച് വിശദ വില നിർണയ റിപ്പോർട്ട്, അനുബന്ധ സ്കെച്ച് ഉൾപ്പടെ 4 പ്രതി തയ്യാറാക്കി ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട വകുപ്പിനു മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഭാഗികമായി ഏറ്റെടുക്കുന്ന കെട്ടിടങ്ങളുടെ മൊത്തമായ വില നിർണ്ണയവും ഏറ്റെടുത്ത ഭാഗത്തിന്റെ മാത്രം വില നിർണ്ണയവും റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. കെട്ടിടങ്ങളുടെയും മറ്റും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

4. പ്രൈസ് ബിഡിൽ വില നിർണയിക്കേണ്ട ഓരോ ഇനത്തിനും ഉദ്ദേശിക്കുന്ന പ്രതിഫല തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. വാല്യുവേഷനാവശ്യമായ എല്ലാ പ്രവൃത്തികളും ഉദ്ദരിച്ച നിരക്കുകളിൽ ഉൾപ്പെടുന്നതാണ്.

5. പ്രൈസ് ബിഡിൽ കൊടുത്തിരിക്കുന്ന വിലനിർണയിക്കേണ്ട ഏതെങ്കിലും കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള അവകാശം ആർ.ബി.ഡി.സി.കെ. യ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം വിസ്തീർണം നിർണയിക്കുന്നതിൽ വ്യത്യാസം വരുന്ന പ്രതിഫലം ആനുപാതികമായി കരാറുകാരന് നൽകുന്നതുമാണ്.

6. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

7. ഗവൺമെന്റ് അംഗീകരിച്ച വാല്യുവേറ്റേഴ്സിന് മാത്രമെ ക്വട്ടേഷനിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. പൊതുമരാമത്ത് വകുപ്പ്/ആർ.ബി.ഡി.സി.കെ നിർദ്ദേശിക്കുന്ന രീതിയിൽ വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടതാണ്.

8. ഇതോടൊപ്പം അനുബന്ധം A-യിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കെട്ടിടങ്ങൾ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതും, അന്തിമ പരിശോധനയിൽ ടി കെട്ടിടങ്ങളുടെ എണ്ണത്തിലോ, അളവിലോ വ്യത്യാസം വരാൻ സാധ്യതയുള്ളതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:
തീയതി:

## Seaport - Airport Road
## Structural Valuation

| Sl No | Description | Approximate Quantity | Unit | Rate | Amount (Excluding GST) |
|---|---|---|---|---|---|
| 1 | Individual buildings including electrification and water supply. Built up area for each sqm shall be considered. | | | | |
| | 0-50 m2 | 18 | No. | | |
| | 50-100 m2 | 13 | No. | | |
| | 100-150 m2 | 8 | No. | | |
| | 150-200 m2 | 4 | No. | | |
| | 200-250 m2 | 2 | No. | | |
| | 250-300 m2 | 1 | No. | | |
| | 300-350 m2 | 0 | No. | | |
| | 350-400 m2 | 0 | No. | | |
| | 400-450 m2 | 1 | No. | | |
| | 450-500 m2 | 0 | No. | | |
| | 500-550 m2 | 0 | No. | | |
| | 550-600 m2 | 1 | No. | | |
| 2 | Small structures like garage, cattle and kennel sheds, pump house, out house, bathroom/toilet etc. | 38.00 | No. | | |
| 3 | Compound wall / Retaining wall | 2808.00 | RM | | |
| 4 | Miscellaneous structures like well, cement/concrete platform, foundation only for coumpound wall / buildings, gate, flooring (paving), projection of roof etc. | 353.00 | Sq. m | | |
| 5 | Wire Fence | 400.00 | RM | | |
| | **Grand Total (Excluding GST)** | | | | |

Place :

Date :

SIGNATURE OF CONTRACTOR
(INCLUDING NAME, ADDRESS, PHONE NO.)